## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.86 - 30/11/2015 ലെ മറുപടിക്ക്**

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.ടി.എം.തോമസ് ഐസക്ക് | ശ്രീ.ഉമ്മൻ ചാണ്ടി<br>ബഹു. മുഖ്യമന്ത്രി |

റവന്യൂ കമ്മി നികത്തുന്നതിനുള്ള നടപടി

| ചോദ്യം | മറുപടി |
|---|---|
| (എ)<br>പതിനാലാം ധനകാര്യ കമ്മീഷന്റെ അവാർഡ് പ്രകാരം റവന്യൂ കമ്മി നികത്തുന്നതിന് ഏതെല്ലാം വർഷങ്ങളിലായി എത്ര തുക വീതം സംസ്ഥാനത്തിന് ലഭിക്കേണ്ടതുണ്ട്; 2015-16ൽ ലഭിച്ച തുക എത്ര; | പതിനാലാം ധനകാര്യ കമ്മീഷന്റെ അവാർഡ് പ്രകാരം റവന്യൂ കമ്മി നികത്തുന്നതിന് 2015-16 കാലയളവിൽ 4640 കോടി രൂപയും, 2016-17 ൽ 3350 കോടി രൂപയും, 2017-18 ൽ 1529 കോടി രൂപയും ഉൾപ്പെടെ 2015-2020 കാലയളവിൽ ആകെ 9519 കോടി രൂപ ലഭിക്കേണ്ടതായിട്ടുണ്ട്. 2015-16 കാലയളവിൽ നാളിതു വരെ (2015 നവംബർ വരെ) 3093.36 കോടി രൂപ ലഭിച്ചിട്ടുണ്ട്. |
| (ബി)<br>കേന്ദ്ര നികുതികളിൽ നിന്നുള്ള വിഹിതം 32% ത്തിൽ നിന്നും 42% മായി ഉയർത്തിയതിന്റെ ഭാഗമായി 2015-16 ൽ ലഭിച്ച തുക എത്ര; 2015-16 ൽ മുൻ വർഷത്തേതിനെക്കാൾ എത്ര തുക അധികം ലഭിച്ചു; 2016-17 ൽ പ്രതീക്ഷിക്കുന്നത് എത്ര തുകയാണ്; | കേന്ദ്ര നികുതികളിൽ നിന്നുള്ള വിഹിതം 32% ത്തിൽ നിന്നും 42% മായി ഉയർത്തിയതിന്റെ ഭാഗമായി 2015-16 ൽ ഇതു വരെ(നവംബർ 2015 വരെ) ലഭിച്ച തുക 7498.11 കോടി രൂപയാണ്. 2014-15 സാമ്പത്തിക വർഷത്തിൽ 7926.29 കോടി രൂപ ഈ ഇനത്തിൽ ലഭിച്ചപ്പോൾ 2015-16 നവംബർ വരെ ലഭിച്ച തുക 7498.11 കോടി രൂപയാണ്. 2016-17 ൽ ആകെ 16,710.6 കോടി രൂപ ഈ ഇനത്തിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി)<br>കേന്ദ്ര ഗവൺമെന്റ് ഗ്രാന്റ് ഇൻ എയിഡായി 2015-16 ൽ നൽകിയത് എത്ര തുകയാണ്; 2014-15നെക്കാൾ എത്ര തുക കൂട്ടുതൽ ലഭിച്ചു; 2016-17ൽ പ്രതീക്ഷിക്കുന്ന തുക എത്ര; | കേന്ദ്ര ഗവണ്മെന്റ് ഗ്രാന്റ്-ഇൻ-എയിഡായി 2015-16 ൽ നൽകിയത് 3555.45 കോടി രൂപയാണ് (നവംബർ 2015 വരെ). 2014-15 സാമ്പത്തിക വർഷത്തിൽ 2460.5 കോടി രൂപ ഈ ഇനത്തിൽ ലഭിച്ചപ്പോൾ 2015-16 നവംബർ വരെ 3555.45 കോടി രൂപ ലഭിച്ചിട്ടുണ്ട്. 2016-17 ൽ 4805.55 കോടി രൂപ ഈ ഇനത്തിൽ ലഭിയ്ക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

| | |
|---|---|
| (ഡി)<br>2015-16 ൽ കേന്ദ്രാവിഷ്കൃത പദ്ധതി സഹായമായി ലഭിച്ച മൊത്തം തുക എത്ര; 2014-15 നെക്കാൾ എത്ര തുക കൂടുതൽ ലഭിച്ചു; 2016-17ൽ പ്രതീക്ഷിക്കുന്ന തുക എത്ര? | 2015-16 സാമ്പത്തിക വർഷത്തിൽ CPSMS ലെ റിപ്പോർട്ട് പ്രകാരം 26.11.2015 വരെ കേന്ദ്രാവിഷ്കൃത പദ്ധതി/കേന്ദ്ര പദ്ധതി, സംസ്ഥാനത്തിനുള്ള കേന്ദ്ര സഹായം എന്നീയിനത്തിൽ 4074.45 കോടി രൂപ സംസ്ഥാനത്തിന് റിലീസ് ചെയ്ത് കിട്ടിയിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷാവസാനത്തിലെ കണക്കിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഈയിനത്തിൽ 2014-15 സാമ്പത്തിക വർഷത്തേക്കാൾ എത്ര തുക കൂടുതൽ ലഭിച്ചു എന്ന് വ്യക്തമാകുകയുള്ളൂ. 2015-16 സാമ്പത്തിക വർഷത്തിൽ ലഭ്യമാകുന്ന തുകയുടെ അടിസ്ഥാനത്തിൽ മാത്രമേ 2016-17ൽ എത്ര തുക കേന്ദ്ര പദ്ധതി സഹായമായി ലഭിക്കുമെന്ന് വിലയിരുത്തുവാൻ സാധിക്കുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**